**Name of the newspaper:** ***Afternoon***

**Date:** ***September 7, 2015***

# ലോക ഡുച്ചനെ ബോധവത്കരണ ദിനാചരണം

- കോയമ്പത്തൂർ മേഖലയിൽ രോഗം ബാധിച്ച അയ്യായിരത്തോളം കുട്ടികളെ കണ്ടെത്തിയെന്ന്

**കോയമ്പത്തൂർ:** നഗരത്തിലെ മോളിക്യുലാർ ഡയഗ്നോസ്റ്റിക് കൗൺസിലിങ് കെയർ ആൻഡ് റിസർച് സെൻററിൻെറ(എം.ഡി.സി.ആർ.സി) ആഭിമുഖ്യത്തിൽ ലോക ഡുച്ചനെ ബോധവത്കരണ ദിനാചരണം സംഘടിപ്പിച്ചു. ജെന്നി ക്ലബ് അങ്കണത്തിൽ നടന്ന ചടങ്ങിൽ ഡുച്ചനെ മസ്കുലാർ ഡിസ്ട്രോഫി, സ്പൈനൽ മസ്കുലാർ അട്രോഫി രോഗം ബാധിച്ച നൂറോളം കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു. സ്വർഗ ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റി ജെ. സ്വർണലത മുഖ്യപ്രഭാഷണം നടത്തി. കുറിഞ്ചി ഹോസ്പിറ്റൽ ചെയർമാൻ ഡോ. കെ.സി. രാമസ്വാമി, കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി മാനേജിങ് ട്രസ്റ്റി ഡോ. പി.ആർ. കൃഷ്ണകുമാർ തുടങ്ങിയവർ സംസാരിച്ചു. കോയമ്പത്തൂർ മേഖലയിൽ രോഗം ബാധിച്ച അയ്യായിരത്തോളം കുട്ടികളെ കണ്ടെത്തിയിട്ടുണ്ടെന്നും ഇവർക്ക് കേന്ദ്ര സർക്കാറിൻെറ ദേശീയ ഗ്രാമീണ ആരോഗ്യ യജ്ഞം പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കുമെന്നും എം.ഡി.സി.ആർ.സി മാനേജിങ് ഡയറക്ടർ ബി.കെ. ലക്ഷ്മി അറിയിച്ചു.